Mathrubhumi 19-02-2018. P-15

# മൂന്ന് നാടൻ നെൽവിത്തുകൾ അർബുദത്തെ ചെറുക്കും

▸ ഛത്തീസ്ഗഢിലെ മൂന്ന് നാടൻ നെൽവിത്തുകൾക്ക് അർബുദം ചെറുക്കാൻ ശേഷിയുണ്ടെന്ന് ഗവേഷകർ. ഗത്വാൻ, മഹാരാജി, ലൈച്ച്ലാ എന്നീ വിത്തുകളിലാണ് മുംബൈയിലെ ബാബ അറ്റോമിക് റിസർച്ച് സെൻററും റായ്പുരിലെ ഇന്ദിരാഗാന്ധി കൃഷി വിശ്വവിദ്യാലയവും ചേർന്ന് ഗവേഷണം നടത്തിയത്.

ഐ.ജി.കെ.വി.യിലെ നെൽവിത്തുകളുടെ ജനിതകദ്രവങ്ങൾ ശേഖരിച്ചിട്ടുള്ള കേന്ദ്രത്തിൽ(ജെംപ്ലാസം ബാങ്ക്) നിന്നാണ് സാമ്പിളുകൾ ശേഖരിച്ചതെന്ന് പ്രിൻസിപ്പൽ സയൻറിസ്റ്റ് ദീപക് ശർമ പറഞ്ഞു. മൂന്ന് ഇനങ്ങൾക്കും അർബുദത്തെ ചെറുക്കാനുള്ള ശേഷിയുണ്ടെന്ന് കണ്ടെത്തിയതായും അദ്ദേഹം പറഞ്ഞു.

ശ്വാസകോശത്തിനും സ്തനങ്ങൾക്കും ഉണ്ടാകുന്ന അർബുദങ്ങൾക്ക് പ്രതിവിധിയെന്നോണവും ഇവ ഉപയോഗിക്കാം. മൂന്ന് നെൽവിത്തുകളിൽ ലൈച്ച്ലാ വിഭാഗത്തിൽപ്പെട്ടതിനാണ് കൂടുതൽ രോഗപ്രതിരോധ ശേഷിയും രോഗം കുറയ്ക്കാനുള്ള ശേഷിയുമുള്ളതെന്നും ദീപക് ശർമ പറഞ്ഞു.

കഴിഞ്ഞവർഷമാണ് യു.ജി.സി. അംഗീകൃത പഠനകേന്ദ്രമായ ഇന്ദിരാഗാന്ധി കൃഷി വിശ്വവിദ്യാലയവും ബാർക്കും ഉടമ്പടി ഒപ്പുവെച്ചത്. അർബുദകോശങ്ങൾ പെരുകുന്നത് തടയാനുള്ള ശേഷിയാണ് ഈ നെല്ലുകളുടെ സവിശേഷത. അതോടൊപ്പം രൂപപ്പെട്ടവ നശിപ്പിക്കാനും ഒരു പരിധിവരെ ഇവയ്ക്ക് സാധിക്കുന്നുണ്ട്.

സമീപഭാവിയിൽ ഇവ അർബുദരോഗ ചികിത്സയ്ക്ക് ഉപയോഗിച്ച് തുടങ്ങുമെന്ന് ഐ.ജി.കെ.വി. വൈസ് ചാൻസലർ എസ്.കെ. പാട്ടീൽ പറഞ്ഞു. ഛത്തീസ്ഗഢിലെ പരമ്പരാഗത നെൽവിളകളെക്കുറിച്ച് വിവിധതരം ഗവേഷണങ്ങൾ വേറെയും നടക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

> അർബുദകോശങ്ങൾ പെരുകുന്നത് തടയാനുള്ള ശേഷിയാണ് ഈ നെല്ലുകളുടെ സവിശേഷത

